Newspaper : Janayugam

Date : 03.09.2026

ജനയുഗം

3 Sep 2026

### ജലമില്ലാതെ ജലജീവികളെ കൊണ്ടുപോകാം

# ഐസിഎആർ-സിഫ്റ്റിന് ഇന്ത്യൻ പേറ്റന്റ്

കൊച്ചി: മത്സ്യങ്ങളും ചെമ്മീനുകളും ഉൾപ്പെടെയുള്ള ജലജീവികളെ ജലമില്ലാതെ ജീവനോടെ കൊണ്ടുപോകുന്നതിനുള്ള നൂതന സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്ത് കൊച്ചിയിലെ ഐസിഎആർ-സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (ഐസിഎആർ-സിഐഎഫ്ടി). ഈ സാങ്കേതികവിദ്യക്ക് ഇന്ത്യൻ പേറ്റന്റ് ലഭിച്ചു.

പരമ്പരാഗത ജലാധിഷ്ഠിത ഗതാഗത സംവിധാനങ്ങൾക്കും നിലവിലുള്ള ജലരഹിത ഗതാഗത സംവിധാനങ്ങൾക്കും ബദലായി ഉപയോഗിക്കാവുന്ന സാങ്കേതികവിദ്യയാണിത്. 'ജലജീവികളെ ജലരഹിതമായി ജീവനോടെ കൊണ്ടുപോകുന്നതിനുള്ള സംവിധാനവും അനുബന്ധ രീതിയും' എന്ന പേരിലുള്ള ഈ സാങ്കേതികവിദ്യ പരമ്പരാഗത രീതികളിലെ വിവിധ വെല്ലുവിളികൾക്ക് പരിഹാരം കാണുന്നതാണ്.

കുറഞ്ഞ ചെലവിലും കുറഞ്ഞ വൈദ്യുതി ഉപയോഗത്തിലും ജലജീവികളെ ജീവനോടെ കൊണ്ടുപോകാൻ കഴിയുന്ന സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ സംവിധാനമാണ് പുതിയ സാങ്കേതികവിദ്യ. നിയന്ത്രിതമായ ഉയർന്ന മർദവും താഴ്ന്ന താപനിലയും ഉപയോഗിച്ച് ജലജീവികളെ സൂക്ഷിക്കുവാൻ പ്രത്യേക സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ഇൻസുലേറ്റഡ് കണ്ടെയ്നറും ആവശ്യമായ ഉപകരണങ്ങളും സംവിധാനത്തിന്റെ ഭാഗമാണ്.

ഓക്സിജൻ, ഈർപ്പം, താപനില തുടങ്ങിയ ഘടകങ്ങൾ തുടർച്ചയായി നിരീക്ഷിക്കാനുള്ള സംവിധാനവും ഉൾപ്പെടുത്തിയിട്ടുണ്ട്. സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. പാർവതി യു, ഡോ. ബി മധുസൂദന റാവു, ഡോ. മുരളി എസ്, ഡോ. ബിൻസി പി കെ, ഡോ. സതീഷ് കുമാർ കെ, വിഷ്ണു ആർ നായർ, ജിതിൻ ജോയ് ടി എന്നിവരാണ് ഈ പേറ്റന്റ് സാങ്കേതികവിദ്യയുടെ വികസനത്തിൽ പങ്കാളികളായായത്.